പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**7140** **16.07.2012**-ൽ മറുപടിയ്ക്ക്

**"തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ തസ്തികയിലെ നിയമനം"**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ 01.01.2008 മുതൽ 31.05.2012 വരെ ലോവർ പ്രൈമറി ടീച്ചർ തസ്തികയിൽ പ്രൊമോഷൻ, റിട്ടയർമെന്റ്, ട്രാൻസ്ഫർ, സർവ്വീസിലിരുന്ന മരണപ്പെട്ടത് എന്നീ നിലകളിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ട്; | (എ) 143 ഒഴിവുകൾ നിലവിൽ വന്നു. അവ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>റിട്ടയർമെന്റ് - 54<br>പ്രൊമോഷൻ - 52<br>ട്രാൻസ്ഫർ - 32<br>സർവ്വീസിലിരുന്ന് മരണപ്പട്ടത് - 5 |
| (ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ബാക്കി ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കാമോ; | (ബി) 135 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ ശേഷിക്കുന്നില്ല. |
| (സി) തിരുവനന്തപുരം ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയുടെ അനുവദനീയ അംഗബലം എത്ര; ഇപ്പോൾ എത്ര പേർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) എൽ.പി.എസ്.എ അംഗബലം 2010-11-ൽ 2237 ആയിരുന്നു. ഇപ്പോൾ 2207 പേർ ജോലി ചെയ്യുന്നു. |
| (ഡി) എൽ.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര താത്ക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; അവസാനമായി ഏതു വർഷമാണ് പി.എസ്.സി. ഈ തസ്തികയിൽ നിയമന ശുപാർശ നൽകിയത്; വിശദമാക്കാമോ? | (ഡി) 30 ഒഴിവുകളിൽ താത്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു. 15.09.2011-ലാണ് പി.എസ്.സി. ഈ തസ്തികയിൽ നിയമന ശുപാർശ നൽകിയത്. |

Sijukumar.N

സെക്ഷൻ ഓഫീസർ